നം:ICDS/B2-2105/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി ; 3..3..2017.

## പരിപത്രം

കേരള സുസ്ഥിര വികസനം 2020 മായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് 3 മുതൽ 17 വയസ്സുവരെയുള്ള അങ്കണവാടി സ്കൂൾ കുട്ടികൾക്കായി അവർക്കിടയിൽ കണ്ടുവരുന്ന കുഷ്ഠം ഉൾപ്പെടെയുള്ള ത്വക് രോഗങ്ങളെ അവയുടെ തുടക്കത്തിൽതന്നെ കണ്ടെത്തി ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി ഒരു സ്കൂൾതല ക്യാമ്പയിൻ പരിപാടി ജൂലൈ 2017 മുതൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. Sustainable Develop Goal എന്ന നയം ഏവർക്കും ആരോഗ്യപ്രദമായ ജീവിതം പ്രദാനം ചെയ്യുക, അതുവഴി ഏവരുടെയും ക്ഷേമത്തിന് നിദാനമാകുക എന്ന ആശയത്തിലൂന്നിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

പല മാരകമായ ത്വക് രോഗങ്ങളും അവയുടെ ആദ്യഘട്ടത്തിൽ കണ്ടെത്തി ചികിത്സിച്ച് ഭേദപ്പെടുത്തുവാനാകുന്നു എന്ന വസ്തുതയെ അടിസ്ഥാനപ്പെടുത്തിയാണ് ആരോഗ്യവകുപ്പ് ഇത്തരത്തിലൊരു പ്രവർത്തനം ആവിഷ്ക്കരിച്ചിരിക്കുന്നത്. ടി പ്രവർത്തനം 3 ഘട്ടങ്ങളിലായാണ് നടത്തേണ്ടത്. ആദ്യഘട്ടം അങ്കണവാടി പ്രവർത്തകർ skin lesion ഉള്ള കുട്ടികളെ കണ്ടെത്തുക എന്നതാണ്. രണ്ടാം ഘട്ടത്തിൽ ഇത്തരത്തിൽ കണ്ടെത്തിയ കുട്ടികളെ JPHN/JPHI യ്ക്ക് റഫർ ചെയ്യേണ്ടതും മൂന്നാം ഘട്ടത്തിൽ ഒരു ത്വക്ക് രോഗവിദഗ്ധൻ അല്ലെങ്കിൽ skin camp ലുള്ള PHC മെഡിക്കൽ ഓഫീസർ രോഗനിർണ്ണയവും ട്രീറ്റ്മെന്റും നടത്തുന്നതുമാണ്.

ആയതിനാൽ ടി പ്രവർത്തനവുമായി ബന്ധപ്പെട്ട് അങ്കണവാടി പ്രവർത്തകർക്ക് ഒരു അവബോധക്ലാസ്സും ബ്ലോക്ക്തല മീറ്റിംഗും ജൂൺ 2017 ൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ അങ്കണവാടി പ്രവർത്തകരെയും മേൽ പ്രസ്താവിച്ച അവബോധ ക്ലാസ്സിലും മീറ്റിംഗുകളിലും പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്. ജില്ലയിൽ ടി പരിപാടിയുടെ വിജയത്തിനായി ജില്ലാ പ്രോഗ്രാം ഓഫീസർമാരും പ്രോജക്ടിൽ സി.ഡി.പി.ഒ.യും പഞ്ചായത്ത്/സെക്ടറിൽ സൂപ്പർവൈസർമാരും പ്രവർത്തിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

Aleyamma Varghese
സാമൂഹ്യനീതി ഡയറകടർക്കുവേണ്ടി

പകർപ്പ് : എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും/സി.ഡി.പി.ഒ.മാർക്കും./സൂപ്പർവൈസർമാർക്കും (സി.ഡി.പി.ഒ. മുഖേന.)

Ej.6.3.